# പന്ത്രണ്ടാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
### 2006 ജൂൺ 30-ാം തീയതി വെള്ളിയാഴ്ച
### വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
### (ആകെ ചോദ്യങ്ങൾ - 28)

209. പൊതുമേഖലാ വ്യവസായങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി
210. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പുതിയ പദ്ധതികൾ
211. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി
212. വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് നടപടി
213. മിനറൽ വാട്ടറിന്റെ ഗുണനിലവാരം
214. വിലകുറച്ചു കാണിച്ച് പ്രമാണം രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ട കേസ്സുകൾ
215. നിർദ്ധനരായ വൃദ്ധജനങ്ങൾക്കുള്ള ചികിത്സാ സഹായ പദ്ധതി
216. എയ്ഡ്സ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ
217. ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികളുടെ വയറ്റിൽ കത്രികയും ട്യൂബും കണ്ടെത്തിയ സംഭവം
218. എൻഡോ സൾഫാൻ ദുരിതബാധിതർ
219. മത്സ്യഫെഡിന്റെ പ്രവർത്തനം
220. സാംക്രമിക രോഗങ്ങളെ മുൻകൂട്ടി കണ്ടെത്താൻ നടപടി
221. ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി
222. ബ്യൂപ്രെനോർഫിൻ മരുന്നിന്റെ അനധികൃത വ്യാപാരം
223. ചെറുകിട വ്യവസായ സംരംഭങ്ങൾ
224. അക്വാകൾച്ചർ വികസനത്തിന് സഹായം
225. മത്സ്യസമ്പത്ത് ശാസ്ത്രീയമായി ചൂഷണം ചെയ്യുന്നതിന് നടപടി
226. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി കമ്മീഷൻ
227. സർക്കാർ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി
228. ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിലെ പാളിച്ചകൾ
229. ഗവൺമെന്റ് ആരോഗ്യരക്ഷാ സ്ഥാപനങ്ങളിലെ അഴിമതി
230. സ്വാശ്രയ മെഡിക്കൽ പഠന നിലവാര തകർച്ച തടയാൻ നടപടി
231. വ്യവസായ പാർക്കുകൾ
232. വ്യാവസായിക സാദ്ധ്യതാപഠനം
233. സിറിഞ്ചുകളും ഡ്രിപ്പുകളും വീണ്ടും ഉപയോഗിക്കുന്നത് തടയാൻ നടപടി
234. അഗതികളുടെ പുനരധിവാസം
235. ഗവൺമെന്റ് ആശുപത്രികളെ പൊതുജനങ്ങൾക്ക് സ്വീകാര്യമാക്കിത്തീർക്കാൻ നടപടി
236. പുതിയ വൻകിട വ്യവസായങ്ങൾ

## പൊതുമേഖലാ വ്യവസായങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

*209 ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ.വി. ശിവൻകുട്ടി
ശ്രീ. വി.എൻ. വാസവൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് ഏതെല്ലാം പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്കാണ് സംസ്ഥാന സർക്കാർ മുതൽ മുടക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുമേഖലാ വ്യവസായങ്ങളിൽ കൂടുതൽ തുക നിക്ഷേപിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എളമരം കരീം (വ്യവസായ വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുമായും, കമ്പനി മാനേജ്മെന്റുമായും, തൊഴിലാളി സംഘടനകളുമായും, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായും ചർച്ചകൾ നടന്നുവരുന്നു. ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിനായി One Time Settlement ഉൾപ്പെടെയുള്ള പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു.. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളെ വിദഗ്ദ്ധ മാനേജ്മെന്റിനു കീഴിൽ കൊണ്ടുവരും.

(ബി) 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ 70 കോടിയോളം രൂപ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, പ്രവർത്തന മൂലധനം എന്നീ ഇനങ്ങളിലായി മുടക്കിയിട്ടുണ്ട്. മുതൽ മുടക്കു നടത്തിയ സ്ഥാപനങ്ങളുടെ പേര് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) & (ഡി) 2006-07 സാമ്പത്തിക വർഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കൂടുതൽ ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ ബഡ്ജറ്റിൽ അനുവദിച്ച 5 കോടി രൂപയുടെ സ്ഥാനത്ത് ഈ സർക്കാർ ഇപ്പോൾ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## അനുബന്ധം

## Funds given from the Budget for Capital Investment and Working Capital

| No. | Company | 2001-02 | 2002-03 | 2003-04 | 2004-05 | 2005-06 | Total |
|---|---|---|---|---|---|---|---|
| 1 | Kerala State Drugs & Pharmaceuticals Ltd. | | | 125.00 | 25.00 | 15.00 | 165.00 |
| 2 | The Travancore Cements Ltd | | | | | 126.00 | 126.00 |
| 3 | Transformers & Electronics Kerala Ltd | 24.60 | | | | | 24.60 |
| 4 | The kerala Ceramics Ltd | | | | | 40.00 | 40.00 |
| 5 | The Metal Industries | | | 10.00 | | 27.00 | 37.00 |
| 6 | Steel Complex Ltd | 36.00 | | 89.00 | | | 125.00 |
| 7 | Steel Industries Kerala Ltd | | | | 26.20 | 21.65 | 47.85 |
| 8 | Scooters kerala Ltd | | | 4.00 | 10.61 | 21.48 | 36.09 |
| 9 | Autokast Ltd | | | 15.00 | | | 15.00 |
| 10 | kerala Garments Ltd. | | | 31.00 | 5.00 | 35.72 | 71.72 |
| 11 | Sitharam Textiles Ltd | | 100.00 | 100.00 | | 75.00 | 275.00 |
| 12 | Kerala State Textile Corporation Ltd | | | 175.00 | 705.00 | 5.60 | 885.60 |
| 13 | The Malappuram Co-operative Spinning Mills Ltd | 125.00 | | | | | 125.00 |
| 14 | The Cannannore Co-op Spinning Mills Ltd | 100.00 | | 10.00 | | 200.00 | 310.00 |
| 15 | Texfed | | | 475.00 | | | 475.00 |
| 16 | Keltron Crystals Ltd | | | 18.00 | 6.00 | 6.00 | 30.00 |
| 17 | The Co-op Sugars Ltd, Chittur | | | 135.00 | 19.50 | 5.70 | 160.20 |
| 18 | Travancore Sugars & Chemicals Ltd | | | 59.00 | | | 59.00 |
| 19 | Kerala Small Industries Development Corporation | | | 50.00 | | | 50.00 |
| 20 | Handicrafts Development Corporation (Kerala) Ltd | | | 44.00 | | | 44.00 |
| 21 | Kerala State Bamboo CorporationLtd | | | | 90.00 | 90.00 | 180.00 |
| 22 | The Kerala State Cashew Development Corporation | 1,200.00 | | 1000.00 | 250.00 | 250.00 | 2,700.00 |
| 23 | Kerala Artisans Development CorporationLtd. | | | 3.00 | | 2.20 | 5.20 |
| 24 | KELPALM | | | 29.00 | 3.00 | 3.00 | 35.00 |
| 25 | CAPEX | 300 | | | 96.00 | 96.00 | 492.00 |
| | Financial Assistance for holding on operations, salary purpose etc. | 25 | 162.47 | 141.00 | 71.93 | 83.49 | 483.89 |
| | Total | 1,810.60 | 262.47 | 2,513.00 | 1,308.24 | 1,103.85 | 6,998.16 |

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പുതിയ പദ്ധതികൾ

*210 ശ്രീ. എം.എം.മോനായി
,, എം.കെ.പുരുഷോത്തമൻ
,, എ.എം.യൂസഫ്
,, എം.ജെ.ജേക്കബ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിവിധ വകുപ്പുകൾ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടത്തുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മത്സ്യത്തൊഴിലാളി കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:**

**ശ്രീ. എസ്. ശർമ്മ (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) മത്സ്യത്തൊഴിലാളി കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 3000 കോടി രൂപ അടങ്കൽ വരുന്ന സമഗ്ര തീരദേശ വികസന പരിപാടി നടപ്പിലാക്കുന്നതാണ്. വിവിധ ഏജൻസികളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വിഭവങ്ങൾ സമാഹരിച്ച് പാർപ്പിട പ്രശ്നം, കുടിവെള്ള വിതരണം, സാനിറ്റേഷൻ, റോഡുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, വൈദ്യുതീകരണം തുടങ്ങി വിവിധ ഘടകങ്ങൾ അടങ്ങിയ ബൃഹത്തായ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി

*211 ശ്രീ. പി. വിശ്വൻ
„ ബി. ഡി. ദേവസ്സി
ശ്രീമതി ജെ. അരുന്ധതി
ശ്രീ.പി. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനു് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ വിഷയം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) ജലസംരക്ഷണം സംബന്ധിച്ച പരിപാടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതു ജനങ്ങളുടേയും സഹകരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജലവിഭവ സംരക്ഷണം സംബന്ധിച്ച് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

**ഉ ത്ത ര ം**

**ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ജലസ്രോതസ്സുകളിലെ തടയണ നിർമ്മാണം, ജലപ്രവാഹങ്ങളിൽ സ്ഥിരം ബണ്ടുകളുടെയും താൽക്കാലിക ബണ്ടുകളുടെയും നിർമ്മാണം, നദികളിലെയും ഉറവകളിലെയും മാലിന്യനിയന്ത്രണം, മണൽ വാരൽ നിയന്ത്രണം, മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണം, ജലസ്രോതസ്സുകളിലെ അനധികൃത കയ്യേറ്റം തടയൽ, നദീതട സംരക്ഷണം, ഗ്രൗണ്ട് വാട്ടർ റീച്ചാർജിംഗ് തുടങ്ങിയ നടപടികളിലൂടെ സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) സ്വീകരിക്കും.

(ഡി) ഉണ്ട്.

## വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് നടപടി

*212 ശ്രീമതി. കെ.കെ. ലതിക
ശ്രീ. കെ. സി. രാജഗോപാലൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ബി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുന്നറിയിപ്പുകളും ഉത്തരവുകളും വ്യവസായ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് വ്യവസായ വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര സ്ഥാപനങ്ങളാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റേ നടപടികൾ നേരിടുന്നതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എളമരം കരീം (വ്യവസായ വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1974, വായു മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1981 എന്നീ നിയമങ്ങളും ഈ നിയമങ്ങൾ പ്രകാരമുള്ള ചട്ടങ്ങളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിവരുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമുള്ള ഹസാർഡസ് വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസും ബോർഡ് നടപ്പിലാക്കുന്നു. വ്യവസായ ശാലകൾ പുതുതായി സ്ഥാപിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ ജല നിയമപ്രകാരവും വായു നിയമപ്രകാരവുമുള്ള സ്ഥാപനാനുമതി വ്യവസായങ്ങൾ ബോർഡിൽ നിന്നും കരസ്ഥമാക്കേണ്ടതുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിച്ച ശേഷം മാത്രമേ ചില വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുവാൻ കഴിയുകയുള്ളു.

ഖര, ജല, വായു മലിനീകരണങ്ങൾ സൃഷ്ടിക്കാവുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പ് താൽക്കാലികം/സ്ഥിരം എസ്സ്. എസ്സ്. ഐ. രജിസ്ട്രേഷൻ നൽകുന്നത് , കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതിനു ശേഷവും പ്രോജക്ട് റിപ്പോർട്ടിൽ നിർദ്ദിഷ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതിനു ശേഷവുമാണ്.

(ബി) സംവിധാനമില്ല.

(സി) 10 സ്ഥാപനങ്ങൾക്കെതിരെ ബോർഡ് വിവിധ കോടതികളിൽ കേസ് ഫയൽ ചെയ്തതു നിലവിലുണ്ട്. ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ ആ സമയത്ത് അടച്ചുപൂട്ടാൻ നിർദ്ദേശം നൽകുകയും പ്രശ്നം പരിഹരിച്ചുകഴിഞ്ഞാൽ നിർദ്ദേശം പിൻവലിക്കുകയും ചെയ്യാറുണ്ട്.

## മിനറൽ വാട്ടറിന്റെ ഗുണനിലവാരം

*213 ശ്രീ.കെ.റ്റി. ജലീൽ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ.വി. ശശികുമാർ
ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) മിനറൽ വാട്ടറിന്റെ സ്ഥിരമായ ഉപയോഗം മനുഷ്യരുടെ ആരോഗ്യത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഗുണനിലവാരമില്ലാത്തതോ മാലിന്യം കലർന്നതോ ആയ മിനറൽ വാട്ടർ ബോട്ടിലുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഉപയോഗിച്ച ബോട്ടിലുകളിൽ വെള്ളം ശേഖരിച്ച് മിനറൽ വാട്ടർ എന്ന പേരിൽ നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജനങ്ങളുടെ ആരോഗ്യം പരിഗണിച്ച് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് മിനറൽ വാട്ടർ വില്പന നടത്തുന്ന കമ്പനികൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ കുപ്പികളിൽ അടച്ച് പാക്കേജ്ഡ് ഡ്രിംഗിംഗ് വാട്ടർ എന്ന പേരിൽ വില്പന നടത്തുന്ന ഐ.എസ്.ഐ. അംഗീകാരമുള്ള 24 കമ്പനികൾ നിലവിലുണ്ട്. ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 3 റീജിയണൽ ലബോറട്ടറികളും എല്ലാ വിധ സംവിധാനങ്ങളും നിലവിലുണ്ട്.

(ബി) ഇല്ല.

(സി) 2005-06 ൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധിച്ച് 167 പാക്കേജ്ഡ് ഡ്രിംഗിംഗ് വാട്ടർ സാമ്പിളുകളിൽ നാലെണ്ണം ഗുണനിലവാരമില്ലാത്തതും മാലിന്യം കലർന്നതുമാണെന്നും കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും റിപ്പോർട്ടിന്മേൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്തിന്റെ വിവിധ ഭാഗത്തുനിന്നും പാക്കേജ്ഡ് ഡ്രിംഗിംഗ് വാട്ടർ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ചയയ്ക്കാൻ അതാത് ജില്ലകളിലെ ഫുഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിലകുറച്ചു കാണിച്ച് പ്രമാണം രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ട കേസ്സുകൾ

*214 ശ്രീ. സി.എച്ച്. കുഞ്ഞാംബു
,, പി. കൃഷ്ണപ്രസാദ്
,, കെ.കെ.ദിവാകരൻ
,, ടി.പി. കുഞ്ഞുണ്ണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രാർ ആഫീസുകളിൽ, വിലകുറച്ചു കാണിച്ച് പ്രമാണം രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ട കേസ്സുകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകൾ തീർപ്പാക്കുന്നതിന് ചട്ടപ്രകാരം സ്വികരിക്കേണ്ട നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ കേസ്സുകൾ നീണ്ടുപോകുന്നതുമൂലം സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേസ്സുകളിൽ അടിയന്തിരമായി തീർപ്പു കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എസ്. ശർമ്മ (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) ആധാരം രജിസ്റ്റർ ചെയ്യുന്ന സമയത്ത് ആധാരത്തിൽ കാണിച്ചിട്ടുളള വിലയോ, പ്രതിഫലമോ സത്യമായിട്ടല്ല പറഞ്ഞിട്ടുള്ളതെന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് വിശ്വസിക്കാൻ മതിയായ കാരണം ഉണ്ടെങ്കിൽ 1959-ലെ കേരളാ സ്റ്റാമ്പ് ആക്റ്റിലെ ആക്ട് 45(ബി) പ്രകാരം അങ്ങനെ ഉളള രേഖ രജിസ്റ്റർ ചെയ്ത ശേഷം അക്കാര്യം അതാതു സംഗതിപോലെ വിലയോ, പ്രതിഫലമോ അതും അതിന്മേൽ അടയ്ക്കേണ്ട ശരിയായ ഡ്യൂട്ടിയും നിർണ്ണയിക്കുന്നതിന് ജില്ലാ രജിസ്ട്രാർക്ക് റഫർ ചെയ്യുന്നു. ഇത്തരം ആധാരങ്ങൾക്ക് കേരളാ സ്റ്റാമ്പ് (പ്രിവൻഷൻ ഓഫ് അണ്ടർ വാല്യുവേഷൻ ഓഫ് ഇൻസ്ട്രുമെൻറ്സ്) റൂൾസ് 1968 പ്രകാരം ഫോറം II കക്ഷിക്ക് നോട്ടീസ് നൽകുന്നു. ടി നോട്ടീസിൽ വസ്തുവിന്റെ വില തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം നേരിട്ടോ പ്രതിനിധികൾ മുഖേനയോ ഹാജരാകാൻ നിർദ്ദേശിക്കുന്നു. ആവശ്യമെങ്കിൽ ആധാരത്തിൽ പറയുന്ന സ്ഥലം ജില്ലാ രജിസ്ട്രാർ സന്ദർശിക്കുന്നുമുണ്ട്. കക്ഷി ഹാജരാക്കിയ രേഖകൾ പരിശോധിച്ച ശേഷം വസ്തുവിന്റെ വില നിശ്ചയിച്ചുകൊണ്ട് താൽക്കാലികമായ ഉത്തരവു നൽകുന്നു. താൽക്കാലിക ഉത്തരവിനോടൊപ്പം ഫോറം III പ്രകാരം നോട്ടീസും അയയ്ക്കുന്നുണ്ട്. ടി നോട്ടീസ്സിൽ കക്ഷിക്ക് തടസ്സവാദമുണ്ടെങ്കിൽ ഉന്നയിക്കാനുള്ള അവസരം നൽകുന്നു. നോട്ടീസിൽ പറയുന്ന ദിവസമോ അല്ലാത്തപക്ഷം ജില്ലാ രജിസ്ട്രാർ നിശ്ചയിക്കുന്ന തീയതിയിലോ കക്ഷികളെ നേരിൽ കേൾക്കുന്നതിന് അവസരം നൽകുന്നു. കക്ഷിയുടെ വാദവും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച ശേഷം ജില്ലാ രജിസ്ട്രാർ അന്തിമ ഉത്തരവ് നൽകുന്നു.

ജില്ലാ രജിസ്ട്രാർക്ക് 45(ബി) വകുപ്പു പ്രകാരം ഏതെങ്കിലും രേഖയുടെ രജിസ്ട്രേഷൻ തീയതി മുതൽ 2 വർഷത്തിനകം സ്വമധേയാ തന്നെ മേൽ കൊടുത്തവിധമുള്ള നടപടിക്രമങ്ങൾ പാലിച്ച് കുറവ് തുക ഈടാക്കുന്നതിന് അധികാരമുണ്ട്.

അന്തിമ ഉത്തരവ് പ്രകാരം കുറവ് തുക കക്ഷി ഒടുക്കിയില്ലെങ്കിൽ റവന്യൂ റിക്കവറി മുഖേന തുക ഈടാക്കാം.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എട്ടു ലക്ഷത്തോളം കേസ്സുകളാണ് തീർപ്പാക്കാനുള്ളത്. വകുപ്പുതലത്തിൽ ആലോചിച്ച് കേസുകൾ തീർപ്പാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും.

## നിർദ്ധനരായ വൃദ്ധജനങ്ങൾക്കുള്ള ചികിത്സാ സഹായ പദ്ധതി

*215 ശ്രീ. രാജാജി മാത്യുതോമസ്
,, മാങ്കോട് രാധാകൃഷ്ണൻ
'' ബാബുപോൾ
'' വി. എസ്. സുനിൽകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ വൃദ്ധജനങ്ങൾക്കായി ചികിത്സാ സഹായ പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതിക്കു വേണ്ടിയുള്ള ഒരു കോർപ്പസ് നിധി രൂപീകരിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചത് എന്നാണെന്നു വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര പേർക്കു ചികിത്സാ സഹായം നല്കി;

(ഡി) ഇതിനു വേണ്ടിയുള്ള നിധിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു വെളിപ്പെടുത്തുമോ?

**ഉത്തരം:**

**ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) നിർദ്ധനരായ വൃദ്ധജനങ്ങൾക്കായി പ്രത്യേക ചികിത്സാ സഹായ പദ്ധതി ആരോഗ്യ വകുപ്പിൽ നിലവിലില്ല. എന്നാൽ നിർദ്ധനരായ രോഗികൾക്കായി 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദ പുവർ', 'ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധി' എന്നീ പദ്ധതികൾ നിലവിലുണ്ട്.

(ബി), (സി) & (ഡി) ചോദ്യം ഉദിക്കുന്നില്ല.

## എയ്ഡ്സ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

*216 ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ. ബാബു എം.പാലിശ്ശേരി
ശ്രീ.വി. ചെന്താമരാക്ഷൻ
ശ്രീ. സാജുപോൾ
ശ്രീ. എം..ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് രോഗ പ്രതിരോധത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എച്ച്.ഐ.വി. പോസിറ്റീവ് ആയ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; എയ്ഡ്സ് രോഗികളുടെ എണ്ണം അറിയിക്കുമോ;

(സി) ഇവരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുന്നതിനെതിരെ സാമൂഹ്യ സംഘടനകളുടെ സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി ബ്ളഡ് ബാങ്കുകളിലൂടെയും ചികിത്സാ ഉപകരണങ്ങളിലൂടെയും എച്ച്.ഐ.വി. രോഗബാധ തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) എയ്ഡ്സ് രോഗ പ്രതിരോധത്തിനായി സർക്കാരിന്റെ ആഭിമുഖ്യത്തിൽ കേരളാ സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റി ആണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ പ്രത്യേകിച്ചും സ്കൂൾ എയിഡ്സ് എഡ്യൂക്കേഷൻ പ്രോഗ്രാം, കുടുംബാരോഗ്യ ബോധവൽക്കരണ പരിപാടി, രോഗം പിടിപെടാൻ കൂടുതൽ സാധ്യതയുള്ള വിഭാഗക്കാർക്കിടയിൽ നേരിട്ട് ഇടപെട്ട് സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികൾ, രക്ത ബാങ്കുകളും ലൈംഗികരോഗ ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിപ്പിക്കുക, വോളണ്ടറി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകളുടെ പ്രവർത്തനം, ആന്റി റിട്രോവൽ ചികിത്സാ കേന്ദ്രങ്ങൾ, കമ്യൂണിറ്റി കെയർ സെന്ററുകൾ, പ്രത്യാശാ കേന്ദ്രങ്ങൾ തുടങ്ങിയവ നടത്തുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(ബി) സംസ്ഥാനത്ത് എച്ച്.ഐ.വി. പോസിറ്റീവ് ആയ ഒരു ലക്ഷത്തോളം പേരുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 2221 എയ്ഡ്സ് രോഗികൾ ഉള്ളതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികളുടെ വയറ്റിൽ കത്രികയും ട്യൂബും കണ്ടെത്തിയ സംഭവം

*217 ശ്രീ. കെ. ബി. ഗണേഷ് കുമാർ
,, തോമസ് ചാണ്ടി
,, കെ. കെ. ഷാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികളുടെ വയറ്റിൽ കത്രികയും ട്യൂബും കണ്ടെത്തിയ സംഭവത്തെ കുറിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സർക്കാർ ആശുപത്രികൾക്കെതിരെ ഇത്തരത്തിൽ ഉയരുന്ന ഗുരുതരമായ ആക്ഷേപങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ശസ്ത്രക്രിയകൾ നടത്തിയ ഡോക്ടർമാരുടെ പേര് വിവരം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ ശ്രീ. അച്ചുതൻ നായർ എന്ന രോഗിയുടെ വയറ്റിൽ കത്രിക കണ്ടെത്തിയതായുള്ള സംഭവത്തെ കുറിച്ച് കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി വിശദമായ അന്വേഷണം നടത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടു പ്രകാരം രോഗിയുടെ വയറ്റിൽ നിന്നും കണ്ടെത്തിയത് രക്ത സ്രാവ നിയന്ത്രണത്തിനുള്ള ഫോർസെപ്സ് (Forceps) ആയിരുന്നു. അഞ്ചര കിലോ ഗ്രാമോളമുള്ള മാരകമായ ക്യാൻസർ മുഴ നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയയാണ് ഈ രോഗിയ്ക്ക് വേണ്ടിവന്നത്. വളരെ ദീർഘവും പ്രയാസകരവും രക്ത സ്രാവം ഉളവാക്കുന്നതുമായ ഒരു ശസ്ത്രക്രിയയായിരുന്നു. തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരണമടഞ്ഞ രോഗിയുടെ വയറ്റിൽ പോസ്റ്റുമോർട്ട സമയത്ത് ട്യൂബ് കണ്ടെത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിൽ ചേലക്കര ലോക്കൽ ആശുപത്രിയിൽ നിന്നും ഫ്യൂറിഡാൻ വിഷം കഴിച്ച് അവശ നിലയിലായ രാധ എന്ന (45) രോഗിയെ തൃശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സയ്ക്ക് കൊണ്ടുവന്നിരുന്നു. രോഗിയ്ക്ക് തക്ക സമയത്ത് പ്രാഥമിക ചികിത്സ നൽകിയതിനുശേഷം വയർ കഴുകൽ ചികിത്സ നൽകി. പ്രസ്തുത രോഗിയ്ക്ക് ശസ്ത്രക്രിയ വേണ്ടിവന്നിരുന്നില്ല. അതിനുശേഷം രോഗിയുടെ കൂട്ടിരിപ്പുകാർ ട്യൂബ് കാണുന്നില്ല എന്ന് പരാതി പറഞ്ഞിരുന്നു. രോഗിയുടെ മരണശേഷം പോസ്റ്റുമോർട്ടം സമയത്താണ് ഈ ട്യൂബ് ആമാശയത്തിനകത്ത് പെട്ടതായി കാണപ്പെട്ടത്. ട്യൂബ് ഉള്ളിൽ പോയത് കാരണം ചികിത്സ ഫലപ്രദമകാതെ

വരികയോ മരണമോ സംഭവിക്കില്ലെന്ന് മെഡിക്കൽ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്.

(സി) ഈ രണ്ടു കേസുകളിലും വീണ്ടും വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടി കൈക്കൊള്ളുന്നതിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.
ഇതുപോലുള്ള സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയ ഡോക്ടർമാരുടെ പേരു വിവരം ഇപ്രകാരമാണ്.

സർജറി വിഭാഗം

1. ഡോ. കെ.കെ.രാജൻ
2. ഡോ.പി.പി.ലഷ്മണൻ
3. ഡോ.പവിത്രൻ
4. ഡോ.അയൂബ്
5. ഡോ. രാജീവൻ

അനസ്തേഷ്യ

1. ഡോ. ഗീത
2. ഡോ. ദീപ
3. ഡോ. ഭൂപതി.

# എൻഡോ സൾഫാൻ ദുരിതബാധിതർ

218 ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ
ശ്രീ. സി. എച്ച്. കുഞ്ഞാംബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എൻഡോ സൾഫാൻ ദുരിതബാധിതരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുളളത്;

(ബി) ദുരിതബാധിതർക്ക് സൗജന്യമായി ചികിത്സയും യാത്ര സൗകര്യവും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) രോഗബാധ കൂടുതലുളള താലൂക്കു കളിൽ ആധുനിക സൗകര്യങ്ങളോടെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിദഗ്ദ്ധ ചികിത്സ ആവശ്യമായ രോഗികളുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

**ഉത്തരം:– ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) എൻഡോ സൾഫാൻ ദുരിത ബാധിത പ്രദേശങ്ങളിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ഈ ക്യാമ്പുകളിൽ രോഗികൾക്ക് ആവശ്യമായ മരുന്ന്, ലാബ് പരിശോധനകൾ, ഭക്ഷണം, യാത്രാ സൗകര്യം ഇവ സൗജന്യമായി നൽകുകയും ചെയ്യുന്നു. രോഗബാധിതർ കൂടുതലുള്ള പ്രദേശത്തെ ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ആരോഗ്യ പ്രവർത്തകരെ കൂടുതലായി നിയമിക്കുന്നതിനും വേണ്ടിയുള്ള നിർദ്ദേശവുമുണ്ട്. എൻഡോ സൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനായി പുതുക്കിയ ബഡ്ജറ്റിൽ 50 ലക്ഷം രൂപ നിർദ്ദേശിച്ചിട്ടുമുണ്ട്.

(ബി) എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് 5000 രൂപ വരെ ചികിത്സാ ചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിനും, സൗജന്യമായി യാത്രാ സൗകര്യം ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 5 ലക്ഷം രൂപ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലും 2 ലക്ഷം രൂപ രോഗികളുടെ യാത്രാ സൗകര്യത്തിനായും കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അനുവദിക്കാൻ നടപടിയെടുത്തുവരുന്നു.

(സി) രോഗബാധ കൂടുതലുള്ള താലുക്കുകളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ രോഗബാധിതർ കൂടുതലായി എത്തുന്ന ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) തീരുമാനിച്ചിട്ടുണ്ട്.
വിദഗ്ധ ചികിൽസയ്ക്കായി രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനും (സംസ്ഥാനത്തിന് അകത്തും, പുറത്തും) ചികിത്സാ ചെലവ് വഹിക്കുന്നതിനായി 7 ലക്ഷം രൂപ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## മത്സ്യഫെഡിന്റെ പ്രവർത്തനം

219 ശ്രീ. വി. ചെന്താമരാക്ഷൻ
,, സി. കെ. സദാശിവൻ
,, കെ. കെ. ജയചന്ദ്രൻ
,, സി. എം. ദിനേശ് മണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം പ്രവർത്തനങ്ങളാണ് മത്സ്യഫെഡ് നടത്തിവരുന്നത്;

(ബി) മത്സ്യഫെഡിന്റെ കീഴിലുള്ള മത്സ്യ വിൽപനശാലകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മത്സ്യ വിൽപനശാലകളിലേയ്ക്ക് ആളുകളെ കൂടുതൽ ആകർഷിക്കാൻ കഴിയും വിധം ആദായ വിലയ്ക്ക് മത്സ്യവും മറ്റ് ഉൽപന്നങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ശ്രീ. എസ്. ശർമ്മ**
**(ഫീഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) വിലയിരുത്തിവരുന്നു. മത്സ്യഫെഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. (അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

(ബി) പ്രാഥമിക പരിശോധനയിൽ മത്സ്യ ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാളുകൾ പൊതുവെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ശീതീകരിച്ച മത്സ്യത്തോട് പൊതുവെ ഉപഭോക്താക്കൾക്കുള്ള താൽപര്യക്കുറവും, ഭാരിച്ച വൈദ്യുതി ചാർജ്ജും കാരണമാണ് പല സ്റ്റാളുകളും നഷ്ടത്തിൽ പ്രവർത്തിക്കേണ്ടിവരുന്നത്.

(സി) മത്സ്യ വിൽപനശാലയിലേക്ക് ആളുകളെ കൂടുതൽ ആകർഷിക്കാൻ കഴിയും വിധം മത്സ്യം വൃത്തിയുള്ള സാഹചര്യങ്ങളിൽ ഉപഭോക്താവിന്റെ അഭിരുചിക്കനുസരിച്ച് വെട്ടി വൃത്തിയാക്കി പാചകം ചെയ്യത്തക്കവിധത്തിലും മറ്റു മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും ഉപഭോക്താവിന് ആദായ വിലയ്ക്ക് നൽകി സ്റ്റാളിന്റെ പ്രവർത്തനം പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖേന ആവിഷ്ക്കരിച്ചുവരുന്നു.

## സാംക്രമിക രോഗങ്ങളെ മുൻകുട്ടി കണ്ടെത്താൻ നടപടി

220 ശ്രീ. എ. കെ. ചന്ദ്രൻ
,, എൻ. രാജൻ
,, കെ. രാജു
,, എൻ. അനിരുദ്ധൻ
,, പള്ളിപ്രം ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംക്രമിക രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നാഷണൽ ഡിസീസ് സർവൈലൻസ് എന്ന പരിപാടി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വിലയിരുത്തുമോ?

### ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ
### (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

(എ) ഉണ്ട്.

(ബി) പകർച്ചവ്യാധികൾ കണ്ടെത്തി റിപ്പോർട്ടു ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ആരോഗ്യ വകുപ്പു ഡയറക്ടറേറ്റിലും, ജില്ലാ മെഡിക്കൽ ഓഫീസുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും എപിഡെമിക് കൺട്രോൾ മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ നാഷണൽ വെക്ടർബോൺ ഡിസീസ് കൺട്രോൾ, റിവൈസ്ഡ് നാഷണൽ ട്യൂബർക്കുലോസിസ് കൺട്രോൾ തുടങ്ങിയ പരിപാടികൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്നുണ്ട്. ജലജന്യ, വായുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ബ്ലോക്ക്, ജില്ലാ സംസ്ഥാന തലത്തിൽ ഡോക്ടർമാരുൾപ്പെടുന്ന ദ്രുതകർമ്മ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഡെങ്കിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് കൊതുക്, കൂത്താടി വളർച്ചയുടെ തോത് നിർണ്ണയിക്കുന്നതിനുള്ള എന്റമോളജിക്കൽ സർവ്വേകൾ നടത്തി ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാധാരണയിൽനിന്ന് വ്യത്യസ്തമായ രോഗലക്ഷണമുള്ളവരുടെ രക്ത സാമ്പിളുകൾ, പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഡൽഹിയിലെ എൻ.ഐ.സി.ഡി, എന്നീ സ്ഥാപനങ്ങളിൽ പരിശോധിക്കാറുമുണ്ട്.

(സി) നാഷണൽ ഡിസീസ് സർവൈലൻസ് പദ്ധതി നിലവിലില്ല. എന്നാൽ ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പരിപാടി (ഐ.ഡി.എസ്.പി) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. നമ്മുടെ സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിലും പദ്ധതിക്കാവശ്യമായ ജീവനക്കാരെ നിയമിക്കുകയും ആദ്യഘട്ട പരിശീലനം പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ ഇന്റർനെറ്റ് ശൃംഖല എല്ലാ ജില്ലകളിലും സ്ഥാപിക്കുകയും മെഡിക്കൽ കോളേജ് തലത്തിൽ ബോധവൽക്കരണ ശിൽപശാല നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പരിപാടിയുമായി സഹകരിക്കുന്നതിനായി ഐ.എം.എ. എല്ലാ ജില്ലകളിലും കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

## ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി

221 ശ്രീ. എ. സി. മൊയ്തീൻ
,, സി. എം. ദിനേശ് മണി
,, വി. ശിവൻകുട്ടി
,, പി.ടി.എ. റഹിം
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ;

(ബി) കടലിൽ പട്രോളിംഗ് ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാനായി മത്സ്യബന്ധന മേഖലകളിൽ രാപ്പകൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറക്കാൻ നടപടിയെടുക്കുമോ?

**ഉത്തരം:- ശ്രീ. എസ്. ശർമ്മ**
**(ഫീഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) ബോട്ടുടമകളുടെ പ്രതിനിധികളുമായും മത്സ്യത്തൊഴിലാളി നേതാക്കളുമായും വിഷയം ചർച്ച ചെയ്യുന്നതിന് യോഗം വിളിച്ചു ചേർത്തു. ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കാൻ അവരുടെ അഭിപ്രായം നേടുകയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

തീരദേശ ജില്ലാകളക്ടർമാർ, എസ്.പി.മാർ, കോസ്റ്റ് ഗാർഡ്, നേവി എന്നിവയുടെ ഉയർന്ന ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചു ചേർക്കുകയും ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ഫിഷറീസ് വകുപ്പിന്റെ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കി വരുന്നു.

മറൈൻ ജില്ലകളിലെ ജില്ലാ കളക്ടർമാർ, മറൈൻ ജില്ലകളിലെ സൂപ്രണ്ട് ഓഫ് പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ് കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി പോർട്ട് വകുപ്പ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കാലാവസ്ഥാ നിരീക്ഷണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടാണ് ഫിഷറീസ് വകുപ്പ് ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നത്. സൂപ്രണ്ട് ഓഫ് പോലീസ് ട്രോളിംഗ് നിരോധനത്തിനും രക്ഷാ പ്രവർത്തനങ്ങൾക്കും ഏകോപനം നൽകുന്നു.

13 കൺട്രോൾ റൂമുകൾ തീരദേശ ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

13 യന്ത്രവർകൃത ബോട്ടുകളും രണ്ട് ഫൈബർ വള്ളവും കടലിൽ പട്രോളിംഗ് നടത്തിവരുന്നു. ട്രോളിംഗ് നിരോധനം ഫലപ്രദമായി നടത്തുന്നതിന് തീരദേശ ജില്ലാ കളക്ടർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവായി ഇറക്കിയിട്ടുണ്ട്.

42 ഫിഷറീസ്/പോലീസ് ഉദ്യോഗസ്ഥർ ഇംപൗണ്ടിംഗ് ഓഫീസർമാരായി ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്.

## ബ്യൂപ്രെനോർഫിൻ മരുന്നിന്റെ അനധികൃത വ്യാപാരം

222 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. ഡി. സതീശൻ
,, ജി. കാർത്തികേയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ബ്യൂപ്രെനോർഫിൻ എന്ന ബ്രാൻഡ് നെയ്മിലുള്ള ഡ്രഗ് സ്റ്റോക്ക് ചെയ്യുവാൻ സംസ്ഥാനത്ത് എത്ര വ്യാപാരികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(ബി) ഈ മരുന്ന് മാനസിക വിഭ്രാന്തിയുണ്ടാക്കുവാൻ കഴിവുള്ളതാണോ;

(സി) ഈ മരുന്ന് അനധികൃതമായി എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) ബ്യൂ പ്രൈനോർഫിൻ എന്ന ബ്രാൻഡ് നെയിമിലുള്ള മരുന്ന് സ്റ്റോക്ക് ചെയ്യുന്നതിനോ വിൽക്കുന്നതിനോ പ്രത്യേക ലൈസൻസ് ആവശ്യമില്ല

(ബി) അതെ

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചെറുകിട വ്യവസായ സംരംഭങ്ങൾ

223 ശ്രീ. പി.കെ.അബ്ദുറബ്ബ്
,, വി.കെ.ഇബ്രാഹിംകുഞ്ഞ്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭങ്ങളെ സംരക്ഷിച്ച് നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ചെറുകിട വ്യവസായ സംരംഭകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക സംവിധാനം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ചെറുകിട വ്യവസായ സംരംഭങ്ങളെ സംരക്ഷിച്ച് നിലനിർത്താനുതകുന്ന ഒരു പദ്ധതി സർക്കാർ തയ്യാറാക്കിവരികയാണ്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ചെറുകിട വ്യവസായികളെ ആകർഷിക്കാൻ കൂടുതൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, പരമ്പരാഗത വ്യവസായ മേഖലയിലുള്ള ബീഡി, കയർ, കൈത്തറി, കശുവണ്ടി, മുള, ഈറ, കരകൗശലം തുടങ്ങിയവ സംരക്ഷിച്ച് നിലനിർത്തുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷകരിച്ച് നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

# അക്വാകൾച്ചർ വികസനത്തിന് സഹായം

224 ശ്രീ. വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്വാകൾച്ചർ വികസനത്തിന്വേണ്ടി എന്തെല്ലാം നടപടികളെടുത്തുവരുന്നു;

(ബി) ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്;

(സി) സംസ്ഥാനത്ത് എവിടെയെല്ലാം ചിപ്പി കൃഷി നടത്തുന്നുണ്ട്;

(ഡി) ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ചിപ്പികൃഷി നടത്തുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് അറിയിക്കാമോ?

**ഉത്തരം:- ശ്രീ. എസ്. ശർമ്മ**
**(ഫീഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) അക്വാകൾച്ചർ വികസനത്തിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കുട്ടനാടൻ പാടശേഖരങ്ങളിൽ നടപ്പിലാക്കിവരുന്ന 'ഒരു നെല്ലും ഒരു മീനും' പദ്ധതി.
2. എറണാകുളം ജില്ലയിലെ പൊക്കാളി പടശേഖരങ്ങളിൽ നടപ്പിലാക്കിവരുന്ന സുസ്ഥിര ചെമ്മീൻകൃഷി വികസന പദ്ധതി.
3. തിരുവനന്തപുരം ജില്ലയിലെ ഓടയത്ത് ഒരു ചെമ്മീൻ/ആറ്റുകൊഞ്ച് ഹാച്ചറി ഉടനെ കമ്മീഷൻ ചെയ്യുന്നതാണ്.
4. തൃശ്ശൂർ ജില്ലയിലെ പൊയ്യ ഫിഷ്ഫാമിൽ നടത്തിവരുന്ന പരമ്പരാഗതവും ശാസ്ത്രീയവുമായ മത്സ്യ/ചെമ്മീൻ കൃഷി
5. കോഴിക്കോട് ജില്ലയിലും കണ്ണൂർ ജില്ലയിലെ എരഞ്ഞോലി ഫാമിലും നടത്തിവരുന്ന ചിപ്പികൃഷി
6. കേന്ദ്ര സഹായത്തോടെ എഫ്.എഫ്.ഡി.എ., ബി.എഫ്.എഫ്.ഡി.എ എന്നീ ഏജൻസികൾ വഴി ശുദ്ധജല, ഓരുജല മത്സ്യകൃഷി നടത്തിവരുന്നു.
7. അലങ്കാര മത്സ്യകൃഷി വികസനത്തിനായി 2 വർഷത്തിലൊരിക്കൽ അന്തർദേശീയ അലങ്കാര മത്സ്യ പ്രദർശനം നടത്തിവരുന്നു.
8. മത്സ്യചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിന് രണ്ട് നാഷണൽ ഹാച്ചറികളുൾപ്പെടെ 8 ഹാച്ചറികൾ പ്രവർത്തിക്കുന്നുണ്ട്.
9. പന്നിവേലിച്ചിറ ഓർണമെന്റൽ ഫിഷ് ഹാച്ചറിയിൽനിന്നും അലങ്കാര മത്സ്യങ്ങളുടെ വിത്തുവിതരണം നടത്തിവരുന്നു.

(ബി) മത്സ്യ കർഷകർക്ക് കേന്ദ്രസഹായത്തോടെ വിവിധ മത്സ്യ/ചെമ്മീൻ കൃഷി പ്രവർത്തനങ്ങൾ നടത്തുന്നതിനായി സാമ്പത്തിക/സാങ്കേതിക സഹായവും പരിശീലനവും നൽകിവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(സി) കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ചിപ്പി കൃഷി നടത്തിവരുന്നു.

(ഡി) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പ്രധാനമായും സർക്കാർ ആഭിമുഖ്യത്തിലാണ് ചിപ്പി കൃഷി നടത്തുന്നത്.

<u>അനുബന്ധം</u>

അക്വാകൾച്ചർ വികസനത്തിനുവേണ്ടി എഫ്.എഫ്.ഡി.എ., ബി.എഫ്.എഫ്.ഡി.എ., അഡാക്ക്, ഫിർമ എന്നീ ഏജൻസികൾ വഴിയും, ഫിഷറീസ് വകുപ്പ് നേരിട്ടും പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേന്ദ്രസഹായത്തോടെ ശുദ്ധജല-ഓരുജല മത്സ്യകൃഷി വികസനത്തിനായി എഫ്.എഫ്.ഡി.എ., ബി.എഫ്.എഫ്.ഡി.എ. എന്നീ ഏജൻസികൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് ആകെ 14 എഫ്.എഫ്.ഡി.എ.കളും 6 ബി.എഫ്.എഫ്.ഡി.എ.കളും നില വിലുണ്ട്. മത്സ്യകൃഷിയ്ക്കായി നല്കുന്ന സഹായങ്ങളുടെ വിശദവിവരങ്ങൾ ഇതോടൊപ്പം ഉള്ള പട്ടികയിൽ ഉള്ളടക്കം ചെയ്യുന്നു.

ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി എന്ന സർക്കാർ ഏജൻസിയുടെ കീഴിൽ അലങ്കാര മത്സ്യകൃഷി വികസനത്തിന്റെ വിജ്ഞാപന വ്യാപനത്തിന്റെ ഭാഗമായി രണ്ടു വർഷത്തിലൊരിക്കൽ അന്തർദേശീയ അലങ്കാര മത്സ്യ പ്രദർശനം (അക്വാ ഷോ) നടത്തിവരുന്നു. വയനാട്ടിൽ ഒരു മഹസീർ മത്സ്യ ഹാച്ചറിയും പ്രവർത്തിച്ചുവരുന്നു.

അഡാക്കിന്റെ നേതൃത്വത്തിൽ ചെമ്മീൻ/മത്സ്യകൃഷി വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കുട്ടനാട്ടിൽ 'ഒരു നെല്ലും ഒരു മീനും' പദ്ധതിയും പൊക്കാളി നിലങ്ങളിൽ ചെമ്മീൻ കൃഷിയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ കക്ക കൃഷി നടത്തുന്നു. ചെമ്മീനുകളിലെ വൈറസ്ബാധ പരിശോധന നട ത്തുന്നതിനായി രണ്ട് പി.സി.ആർ. ലാബുകൾ നോർത്ത് പറവൂർ, കുമ്പളങ്ങി എന്നീ സ്ഥലങ്ങളിൽ നിലവിലുണ്ട്. വർക്കലയിലെ ഓടയത്ത് ഒരു ചെമ്മീൻ/ആറ്റുകൊഞ്ച് ഹാച്ചറി പ്രവർത്തനം നടന്നുവരുന്നു. അഡാക്കിനു കീഴിലുള്ള പൊയ്യാ ഫാമിൽ മത്സ്യ ചെമ്മീൻ കൃഷിയും പരിശീലനവും നടത്തിവരുന്നു.

മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് രണ്ട് നാഷണൽ ഹാച്ചറികൾ ഉൾപ്പെടെ 8 ഹാച്ചറികൾ ആണ് കേരളത്തിൽ നിലവിലുള്ളത്. കോട്ടയം ജില്ലയിലെ പള്ളം ഫാമിൽ നിന്നും കർഷകർക്ക് കരിമീൻ കുഞ്ഞുങ്ങളെ വിത രണം ചെയ്യുന്നുണ്ട്. പന്നിവേലിച്ചിറ ഓർണമെന്റൽ ഫിഷ് ഹാച്ചറിയിൽ നിന്നും അല ങ്കാര മത്സ്യങ്ങളുടെ വിത്ത് വിതരണം ചെയ്യുന്നുണ്ട്. നീണ്ടകര, അഴീക്കോട് എന്നീ ഹാച്ചറികൾ ചെമ്മീൻ/കൊഞ്ച് കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

ചിപ്പി, കക്ക, ഞണ്ട് എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കണ്ണൂർ, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം ജില്ലകളിൽ വിവിധ പദ്ധതി കൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

മത്സ്യകർഷകർക്ക് നല്കിവരുന്ന സാമ്പത്തിക സഹായ വിവരങ്ങൾ

| നം. | പ്രവർത്തനം | സഹായം/സബ്സിഡി നല്കുന്നത് |
|---|---|---|
| 1. | കുളം നിർമ്മാണം | Rs.40,000/ha<br>Rs.50,000/ha (SC/ST<br>മലമ്പ്രദേശത്തിന്<br>Rs.60,000/ha<br>Rs.75,000/ha (SC/ST) |
| 2. | കുളം നവീകരണം | Rs.12,000/ha<br>Rs.15,000/ha (SC/ST) |
| 3. | മത്സ്യ വിത്ത്/വളം/തീറ്റ | Rs.6,000/ha<br>Rs.7,500/ha (SC/ST)<br>ആറ്റുകൊഞ്ച് കൃഷിക്ക്<br>Rs.24,000/ha |
| 4. | ഒഴുക്കു ജലകൃഷി | Rs.4,000/ha<br>Rs.5,000/ha (SC/ST) |
| 5. | സംയോജിത മത്സ്യകൃഷി | Rs.16,000/ha<br>Rs.20,000/ha (SC/ST) |
| 6. | പമ്പ്/എയ്റേറ്റർ | Rs.12,500/- |
| 7. | ശുദ്ധജല മത്സ്യ ഹാച്ചറി | Rs.80,000/unit<br>മലമ്പ്രദേശത്ത്<br>Rs.1.20/- lakhs |
| 8. | തീറ്റ യൂണിറ്റ് | Rs.1 lakh/unit |
| 9. | പരിശീലനം | Rs.100/day<br>സ്റ്റൈപന്റ് |
| 10. | ആറ്റുകൊഞ്ച് ഹാച്ചറി | Rs.1.60 lakhs/unit |
| 11. | അലങ്കാര മത്സ്യ ഹാച്ചറി | Rs.1.50 lakhs. |

ഈ സഹായങ്ങൾ 75:25 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നല്കുന്നവയാണ്.

## മത്സ്യസമ്പത്ത് ശാസ്ത്രീയമായി ചൂഷണം ചെയ്യുന്നതിന് നടപടി

225 ശ്രീ. റോഷി അഗസ്റ്റിൻ
,, ജോസഫ് എം. പുതുശ്ശേരി
,, തോമസ് ചാഴികാടൻ
,, കെ.എം. മാണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തോടു ചേർന്നു കിടക്കുന്ന അറേബ്യൻ സമുദ്രത്തിൽ ആഴക്കടൽ മത്സ്യബന്ധനം ശാസ്ത്രീയമായ രീതിയിലാണോ നടത്തുന്നത്; ഇക്കാര്യത്തെക്കുറിച്ച് ആധികാരികമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന യന്ത്രവൽകൃത ബോട്ടുകൾ, നാടൻ വള്ളങ്ങൾ, മറ്റുയാനങ്ങൾ എന്നിവയുടെ കണക്ക് എടുത്തിട്ടുണ്ടോ;

(സി) അശാസ്ത്രീയമായ രീതിയിൽ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതുകൊണ്ട് എന്തെങ്കിലും പ്രതിസന്ധിയുണ്ടോ; എങ്കിൽ ആയതു മറികടക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. എസ്. ശർമ്മ**
**(ഫീഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) ആഴക്കടൽ മത്സ്യബന്ധന മേഖല കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലായതിനാൽ ഈ മേഖലയിൽ സംസ്ഥാന ഫിഷറീസ് വകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടില്ല. ഫിഷറീസ് സർവ്വേഓഫ് ഇന്ത്യ, കൊച്ചി കേന്ദ്രീകരിച്ച് ഈ മേഖലയിലെ മത്സ്യബന്ധനത്തെക്കുറിച്ച് പര്യവേഷണം നടത്തിവരുന്നു. (അനുബന്ധം 1)
(അനുബന്ധം നിയമസഭാ ലൈബ്രറിയൽ ലഭ്യമാണ്)

(ബി) ഉണ്ട്
യന്ത്രവൽകൃത ബോട്ടുകൾ - 4021
മോട്ടോറൈസ്ഡ് യാനങ്ങൾ - 10210
നോൺ മോട്ടോറൈസ്ഡ് യാനങ്ങൾ - 14021

(സി) ഉണ്ട്.
അശാസ്ത്രീയമായ രീതിയിൽ മത്സ്യ സമ്പത്ത് ചൂഷണം ചെയ്താൽ മത്സ്യ സമ്പത്തിന്റെ പരിപാലനം, സംരക്ഷണം എന്നിവയ്ക്ക് വളരെ ദോഷഫലങ്ങളുണ്ടാകുന്നു. മത്സ്യ സമ്പത്തിന്റെ ഉന്മൂല നാശത്തിന് വഴിയൊരുക്കുന്നു. പല മത്സ്യങ്ങൾക്കും വംശനാശം സംഭവിക്കാം. കുഞ്ഞ് മത്സ്യങ്ങളും മുട്ടകളും നശിച്ചുപോകുന്നതുകൊണ്ട് മത്സ്യ സമ്പത്തിന് ശോഷണം സംഭവിക്കുന്നു. ഇവ മറികടക്കാൻ നിലവിൽതന്നെ സംവിധാനങ്ങൾ ഉണ്ട്. കെ.എം..എഫ്. ആർ. ആക്ട് അനുസരിച്ച് റിംഗ്സീൻ, പർസ് സീൻ, പെലാജിക് ട്രോളിംഗ്, മിഡ് വാട്ടർ ട്രോളിംഗ് എന്നീ അശാസ്ത്രീയ രീതികൾ നിരോധിച്ചിരിക്കുകയാണ്. 35 എം.എം. താഴെ കോഡെന്റുള്ള വലകളും നിരോധിച്ചിട്ടുണ്ട്. ജൂൺ 15 മുതൽ ജൂലൈ 29 വരെ ബോട്ടം ട്രോളിംഗ് നിരോധിച്ചിരിക്കുകയാണ്. തോട്ടപൊട്ടിക്കൽ, വിഷം കലർത്തൽ, വൈദ്യുതാഘാതം മൂലം മീൻ പിടിക്കൽ തുടങ്ങിയ അശാസ്ത്രീയ മത്സ്യബന്ധന രീതികളും നിരോധിച്ചിട്ടുണ്ട്.

കൂടാതെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കൃത്രിമ പാരുകൾ ഇട്ടിട്ടുണ്ട്. കണ്ടൽക്കാടുകൾ വെച്ചിപിടിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. സീ റാഞ്ചിംഗ് നടത്തുന്നതിനും പദ്ധതികൾ നിലവിലുണ്ട്.

## സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി കമ്മീഷൻ

226 ശ്രീ. സി.ടി. അഹമ്മദ് അലി
,, യു.സി. രാമൻ
, കെ.കുട്ടി അഹമ്മദ്കുട്ടി
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി ഒരു കമ്മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിച്ചിട്ടില്ല.

(ബി) & (സി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

# സർക്കാർ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

227 ശ്രീ. മുരളി പെരുനെല്ലി
,, എ. പ്രദീപ് കുമാർ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
,, കെ.സി. രാജഗോപാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര സീറ്റുകൾ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ സംഘം ഇതിനാവശ്യമായ പരിശോധന നടത്തിയിരുന്നോ; എങ്കിൽ സംഘം ഇക്കാര്യത്തിൽ അവരുടെ തീരുമാനം സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ?

## ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

(എ) & (ബി) സംസ്ഥാന സർക്കാർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോട്ടയം, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് 50 സീറ്റുകൾ വീതം മൊത്തം 150 സീറ്റുകൾ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ സംഘം സീറ്റ് വർദ്ധനവ് സംബന്ധിച്ച് പരിശോധന നടത്തിയെങ്കിലും കോഴ്സുകൾ തുടങ്ങുന്നതിനാവശ്യമായ അംഗീകാരം നൽകിയിട്ടില്ല. ഇതു കൂടാതെ സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ പോസ്റ്റ് ഗ്രാഡ്വേറ്റ്/ഡിപ്ലോമ/സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്കായി 192 സീറ്റുകൾ വർദ്ധിപ്പിച്ചുത്തരവായിട്ടുണ്ട്. എന്നാൽ ഈ കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീകാരം നൽകുന്നതിനാവശ്യമായ പരിശോധന ഒന്നും ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നടത്തിയിട്ടില്ല.

## ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിലെ പാളിച്ചകൾ

*228 ശ്രീ. കെ. കെ. ഷാജു
,, തോമസ് ചാണ്ടി
,, കെ. ബി. ഗണേഷ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിലെ പാളിച്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ശുദ്ധജല വിതരണ പദ്ധതികളെ കുറിച്ച് സംസ്ഥാനതലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്. കൂടാതെ റീജിയണൽ തലത്തിലും ജില്ലാ തലത്തിലും അവലോകനം നടത്തുന്നതാണ്. ചില സാങ്കേതിക കാരണങ്ങളാലും സാമ്പത്തിക ബുദ്ധിമുട്ടുകളാലും പല പദ്ധതികളും മുടങ്ങിക്കിടക്കുന്നു. വിശദമായ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പദ്ധതികൾ തുടങ്ങുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനും റോഡ് കട്ടിംഗ്, റെയിൽവേ ക്രോസ്സിംഗ് മുതലായവയ്ക്കുള്ള അനുമതി നേടുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേലുദ്യോഗസ്ഥരുടേയും ജില്ലാ കളക്ടറുടേയും ശ്രദ്ധയിൽപെടുത്തി കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറുകാരുടെ അനാസ്ഥമൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ടെൻഡർ കണ്ടീഷനിൽ പെനാൽറ്റി ക്ലോസ് ഉൾപ്പെടുത്തി കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാലതാമസം നേരിട്ടിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി തീർക്കുവാൻ പുതിയ ഇംപ്ളിമെന്റേഷൻ ഷെഡ്യൂൾ തയ്യാറാക്കി യഥാസമയം പണിതീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലനിധി പദ്ധതി പ്രകാരം നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ പോരായ്മകൾ കൺസ്ട്രക്ഷൻ ക്വാളിറ്റി മോണിറ്ററിംഗ് ഏജൻസി വഴിയും, സന്നദ്ധ സംഘടനകൾ വഴിയും പരിഹരിക്കുന്നു.

## ഗവൺമെന്റ് ആരോഗ്യരക്ഷാ സ്ഥാപനങ്ങളിലെ അഴിമതി

*229 ശ്രീ. എം .മുരളി
,, കെ.ശിവദാസൻ നായർ
,, വി.ഡി. സതീശൻ
,, എൻ.ശക്തൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആരോഗ്യരക്ഷാ സ്ഥാപനങ്ങളിൽ അഴിമതിയും കൈക്കൂലിയും നിലവിലുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ;

(സി) ഗവൺമെന്റ് ഡോക്ടർമാരെ പ്രൈവറ്റ് പ്രാക്ടീസ് നടത്താൻ അനുവദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ നിർത്തലാക്കാൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ചില ജീവനക്കാർക്കെതിരെ ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇത്തരം പരാതികൾ പരിശോധിച്ച് നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി) & (ഡി) നിലവിലുള്ള ഉത്തരവനുസരിച്ച് സർക്കാർ ഡോക്ടർമാർക്ക് ചില നിബന്ധനകൾക്കു വിധേയമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ പഠന നിലവാര തകർച്ച തടയാൻ നടപടി

*230 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.പളളിപ്രം ബാലൻ
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ പഠന രംഗത്ത് നിലവാരം കുറഞ്ഞു വരുന്നതായുള്ള എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നിലവാരം കുറയുവാനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:– ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

## വ്യവസായ പാർക്കുകൾ

| | | |
|---|---|---|
| *231 | ശ്രീ. കെ.കുട്ടിഅഹമ്മദ്കുട്ടി<br>,, സി.ടി. അഹമ്മദ് അലി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എം.ഉമ്മർ | താഴെ കാണുന്ന ചോദ്യങ്ങൾക്ക്<br>**വ്യവസായ വകുപ്പുമന്ത്രി**<br>സദയം മറുപടി നൽകുമോ |

(എ) സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെയെല്ലാമാണ് ഇനിയും വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പുമന്ത്രി)**

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) എവിടെയെല്ലാം ഇനിയും വ്യവസായ പാർക്കുകൾ ആരംഭിക്കുന്നു എന്നുള്ളത് ഇതുവരെ തീരുമാനിച്ചിട്ടില്ല.

## വ്യാവസായിക സാദ്ധ്യതാപഠനം

*232 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. വി. ജെ. തങ്കപ്പൻ
,, എം. പ്രകാശൻ മാസ്റ്റർ
,, കെ. കെ. ജയചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ ഏതെല്ലാമാണ്;

(ബി) ഈ ജില്ലകളിലെ വ്യവസായ സംരംഭകർക്ക് എന്തെങ്കിലും പ്രത്യേക പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലകളിൽ വ്യവസായം തുടങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി സർക്കാർ പഠനം നടത്തുമോ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പുമന്ത്രി)**

(എ) & (ബി) സംസ്ഥാനത്ത് ഒരു ജില്ലയെയും വ്യാവസായികമായി പിന്നോക്ക ജില്ലയായി പ്രഖ്യാപിച്ചിട്ടില്ല.

(സി) ബാധകമല്ല.

## സിറിഞ്ചുകളും ഡ്രിപ്പുകളും വീണ്ടും ഉപയോഗിക്കുന്നത് തടയാൻ നടപടി

*233 ശ്രീ. എം. എ. വാഹീദ്
,, കെ. ബാബു
,, എൻ. ശക്തൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഉപയോഗിച്ച സിറിഞ്ചുകളും ഡ്രിപ്പു കുപ്പികളും കടത്താൻ ശ്രമിച്ച എത്ര കേസ്സുകൾ ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്;

(ബി) ഇത്തരം സംഭവങ്ങളുണ്ടായത് ഏതെല്ലാം ഗവൺമെന്റ് ആശുപത്രികളിലാണ് എന്നറിയ്ക്കാമോ;

(സി) ഉപയോഗിച്ച സിറിഞ്ചുകളും ഡ്രിപ്പു കുപ്പികളും വീണ്ടും ഉപയോഗിക്കുന്നത് ഹാനികരമാണോ; എങ്കിൽ അവ നശിപ്പിച്ചുകളയാനുള്ള സംവിധാനമുണ്ടാക്കുമോ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഇത്തരത്തിലുള്ള കേസുകളൊന്നും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഹാനികരമാണ്. ഉപയോഗിച്ച സിറിഞ്ചുകളും, സൂചികളും നശിപ്പിക്കുന്നതിന് ആവശ്യമായ നീഡിൽ ഡിസ്ട്രോയറും, നീഡിൽ ഷർട്ടേഴ്സും എല്ലാ ആശുപത്രികളിലും ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 100 കിടക്കകളിലധികമുള്ള ആശുപത്രികളിൽ ബയോ മെഡിക്കൽ വേസ്റ്റ് ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഐ.എം.എ. യുമായി ചേർന്ന് 'ഇമേജ്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടാത്ത ആശുപത്രികൾ ഇൻസിനറേറ്റർ ഉപയോഗിച്ച് മാലിന്യ സംസ്ക്കരണം നടത്തിവരുന്നു.

# അഗതികളുടെ പുനരധിവാസം

*234 ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) അഗതികളുടെ പുനരധിവാസത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കത്തക്ക തരത്തിൽ എന്തെങ്കിലും പുതിയ പദ്ധതികൾ അഗതികളുടെ പുനരധിവാസത്തിനും സ്വയം തൊഴിലിനുമായി സർക്കാരിന്റെ പരിഗണനയിലുണ്ടോ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ അഗതികളെയും അനാഥരായവരെയും സംരക്ഷിച്ച് പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 48 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 16 എണ്ണം വകുപ്പിന്റെ നിയന്ത്രണത്തിലും, 32 എണ്ണം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തവയുമാണ്. ക്ഷേമസ്ഥാപനങ്ങളിൽ ഉള്ള അന്തേവാസികൾക്ക് സംരക്ഷണ ചെലവിനായി പ്രതിമാസം 450/- രൂപ നൽകുന്നുണ്ട്. കൂടാതെ മരുന്ന്, വസ്ത്രം എന്നിവക്കുവേണ്ടി പ്രതിവർഷം 200/- രൂപയും നൽകുന്നുണ്ട്. (ആശാഭവനങ്ങളിലെ അന്തേവാസികൾക്ക് മരുന്നിനുവേണ്ടി പ്രതിവർഷം 400/- രൂപ നൽകുന്നുണ്ട്.) മേൽ സർക്കാർ സ്ഥാപനങ്ങൾകൂടാതെ അനാഥരേയും അഗതികളേയും സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. ഒരു അന്തേവാസിക്ക് പ്രതിമാസം 150/- രൂപ നിരക്കിലാണ് ഗ്രാന്റ് നൽകുന്നത്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളതും സർക്കാർ അനുമതിയുള്ളതുമായ സ്ഥാപനങ്ങൾക്കാണ് ഗ്രാന്റ് നൽകുന്നത്. 617 അനാഥാലയങ്ങൾക്കും, 157 വൃദ്ധസദനങ്ങൾക്കും, 4 യാചകമന്ദിരങ്ങൾക്കും സർക്കാർ ഗ്രാന്റ് നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിൽ രോഗം ഭേദമായിട്ടും ആരും ഏറ്റെടുക്കാനില്ലാതെ ആശുപത്രിയിൽ കഴിയുന്നവരേയും അഗതികളേയും ഏറ്റെടുത്ത് സംരക്ഷിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് 3 സന്നദ്ധസംഘടനകൾക്ക് ഇതിലേക്കായി ഗ്രാന്റ് നൽകുന്നുണ്ട്. ഒരു അന്തേവാസിക്ക് പ്രതിമാസം 750/- രൂപ നിരക്കിലാണ് ഗ്രാന്റ് നൽകുന്നത്.

(ബി) ഇല്ല. എന്നാൽ വികലാംഗക്ഷേമ പ്രവർത്തനം, വൃദ്ധരുടെ പരിപാലനം, സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ട്.

(സി) കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കത്തക്ക തരത്തിലുള്ള പുതിയ പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

## ഗവൺമെന്റ് ആശുപത്രികളെ പൊതുജനങ്ങൾക്ക് സ്വീകാര്യമാക്കിത്തീർക്കാൻ നടപടി

*235 ശ്രീ. ജി. കാർത്തികേയൻ
,, കെ.സി. ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആശുപത്രികളെ പൊതുജനങ്ങൾക്ക് സ്വീകാര്യമാക്കിത്തീർക്കാൻ എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ഗവൺമെന്റ് ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാരും, പാരാമെഡിക്കൽ സ്റ്റാഫും നിലവിലുണ്ടോ;

(സി) ഇല്ലാത്തപക്ഷം എത്ര ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവുണ്ട്;

(ഡി) കുറവുള്ള സ്ഥാനങ്ങളിലേക്ക് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുമോ;

(ഇ) എങ്കിൽ എന്നേക്ക് നിയമിക്കാൻ കഴിയുമെന്ന് പറയാമോ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) സർക്കാർ ആശുപത്രികളിൽ നിന്നും രോഗികൾക്ക് മെച്ചപ്പെട്ട സേവനം നല്കി, അവയെ പൊതുജനങ്ങൾക്ക് സ്വീകാര്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് താഴെപറയുന്ന കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു.

ഡോക്ടർമാരുടെയും മറ്റു സ്റ്റാഫിന്റേയും അനുവദിച്ചിട്ടുള്ള തസ്തികകൾ പൂർണ്ണമായും നികത്തി അവരുടെ സേവനം ഉറപ്പുവരുത്തുക, വിദഗ്ദ്ധ ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തുക, രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഇപ്പോഴുള്ള സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുക. അധിക സൗകര്യം ആവശ്യമുള്ളിടത്ത് അത് നല്കുക, ലബോറട്ടറി സൗകര്യങ്ങൾ നവീകരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക, ഓപ്പറേഷൻ തീയേറ്റർ ഉള്ള സ്ഥലത്ത് അത് നവീകരിക്കുക. പുതുതായി ആവശ്യമുള്ളിടത്ത് അത് ഉണ്ടാക്കുക, വെള്ളം, വൈദ്യുതി എന്നിവ തടസ്സം കൂടാതെ ലഭ്യമാക്കുക, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് വിശ്രമ മുറി ഏർപ്പെടുത്തുക, ആശുപത്രി സാനിട്ടറി ടോയ്‌ലറ്റ് സൗകര്യങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിന് നടപടിയെടുക്കുക, സാധാരണ പരിശോധനകൾക്കുള്ള ഉപകരണങ്ങൾ താമസം കൂടാതെ പ്രവർത്തിപ്പിക്കുക, ആശുപത്രി പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ ചെയ്ത് സർക്കാർ ആശുപത്രികളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ബി) ചില ആശുപത്രികളിൽ പാരാമെഡിക്കൽ സ്റ്റാഫിന്റേയും ഡോക്ടർമാരുടേയും തസ്തികകളിൽ ഒഴിവുണ്ട്.

(സി) ഡോക്ടർമാരുടെ 341 ഒഴിവും നേഴ്സ് പാരാമെഡിക്കൽ എന്നീ വിഭാഗങ്ങളിൽ 736 ഒഴിവും ഉണ്ട്.

(ഡി) ഒഴിവുള്ള സ്ഥാനങ്ങളിലേക്ക് ഡോക്ടർമാരേയും മറ്റ് പാരാമെഡിക്കൽ സ്ഥാഫിനേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഡോക്ടർമാരുടെ (അസിസ്റ്റന്റ് സർജൻ) ഒഴിവുകളിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്തിയിട്ടുണ്ട്. നിയമനം ലഭിച്ച് ജോലിയ്ക്ക് ഹാജരാകാത്ത ഒഴിവുകൾ വീണ്ടും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉപരിപഠനത്തിന് ലീവിൽ പോയ ഡോക്ടർമാരുടെ ഒഴിവുകളിലേയ്ക്കും പി.എസ്.സി. മുഖാന്തിരം നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താനുള്ള അധികാരം ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. സിവിൽ സർജൻ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിൽ ഒഴിവുള്ളതിലേയ്ക്ക് പ്രമോഷൻ വഴി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതിയ വൻകിട വ്യവസായങ്ങൾ

*236 ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001-06 കാലത്ത് എത്ര പുതിയ വൻകിട വ്യവസായങ്ങൾ ആരംഭിച്ചു;

(ബി) പ്രസ്തുത വ്യവസായങ്ങൾക്ക് വേണ്ടി എന്ത് തുകയുടെ നിക്ഷേപമുണ്ടായി;

(സി) പ്രസ്തുത കാലത്ത് എത്ര വൻകിട വ്യവസായങ്ങൾ അടച്ച് പൂട്ടിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പുമന്ത്രി)**

(എ) ഈ കാലയളവിൽ മൂന്ന് വൻകിട വ്യവസായ പദ്ധതികളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത വ്യവസായങ്ങൾക്ക് 58.89 കോടി രൂപയുടെ നിക്ഷേപമുണ്ടായി.

(സി) പ്രസ്തുത കാലത്ത് അഞ്ച് വൻകിട വ്യവസായങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത്.